ജല അതോറിറ്റി കണ്ടെത്തേണ്ടത്. ആയതിനാൽ ഇതിനുവേണ്ട സ്ഥലം റവന്യൂ വകുപ്പിൽ നിന്നും സൗജന്യമായി വിട്ടുതരണമെന്ന് കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ നിർദ്ദേശം ശുപാർശയോടുകൂടി ജലവിഭവ വകുപ്പ് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. അന്തിമ തീരുമാനം ആയിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) പദ്ധതിയുടെ പ്രധാന ഘടകങ്ങളുടെ ദർഘാസുകൾ ക്ഷണിച്ചു കഴിഞ്ഞു. ദർഘാസുകൾ സൂക്ഷ്മപരിശോധനയിലാണ്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കേണ്ടതുണ്ട്. കൂടാതെ ജലശുദ്ധീകരണശാല സ്ഥാപിക്കുവാൻ ആവശ്യമായ 3.695 ഹെക്ടർ സ്ഥലം ലഭ്യമാകേണ്ടതുണ്ട്. ഈ പദ്ധതിയുടെ പുതുക്കിയ അടങ്കൽ തുക 156 കോടി രൂപയാണ്. അതനുസരിച്ച് ഹഡ്കോയിൽ നിന്ന് ആവശ്യപ്പെട്ടിട്ടുള്ള വായ്പ ലഭ്യമാകേണ്ടതുണ്ട്. പദ്ധതിയുടെ പുതുക്കിയ അടങ്കൽ തുകയ്ക്കുള്ള ഭരണാനുമതിയും ഹഡ്കോ വായ്പയ്ക്കുള്ള ഗവൺമെന്റ് ഗ്യാരണ്ടിയും നൽകേണ്ടതുണ്ട്. ഇതിനായി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിഗണനയിലാണ്.

(എഫ്) ഹഡ്കോ/ബാങ്ക് വായ്പ ലഭിക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ലഭ്യമായാൽ ഉടൻതന്നെ ആക്ഷൻ പ്ലാൻ അനുസരിച്ച് പണികൾ തുടങ്ങുന്നതാണ്.

(ജി) ആവശ്യമായ വായ്പാ സഹായം ലഭ്യമാക്കി ത്വരിതഗതിയിൽ ഈ പദ്ധതി പൂർത്തിയാക്കുന്നതാണ്.

അനങ്ങനടി, ചളവറ, തൃക്കടീരി മെഗാവാട്ടർ സപ്ലൈ സ്കീം

47 [1837] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ അനങ്ങനടി, ചളവറ, തൃക്കടീരി മെഗാവാട്ടർ സപ്ലൈ സ്കീം രൂപകൽപ്പന ചെയ്തിട്ടുണ്ടോ; എങ്കിൽ ഏത് സ്കീമിൽ; അടങ്കൽ തുക എത്ര;

(ബി) ഇതിന്റെ പ്രവർത്തനം എന്നാരംഭിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) എ.ആർ.പി. മാനദണ്ഡം അനുസരിച്ച് രൂപകൽപ്പന ചെയ്തിട്ടുണ്ട്. അടങ്കൽ തുക 1100 ലക്ഷം രൂപ.

(ബി) ഈ പദ്ധതിക്ക് വേണ്ട സർവ്വേകൾ പൂർത്തിയാക്കുകയും പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ഇതിനുവേണ്ട ഭരണ സാങ്കേതികാനുമതികളും അതിനുശേഷം നൽകേണ്ടതുണ്ട്. ഈ നടപടികൾ പൂർത്തിയാക്കി ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കാനാകും.

LIBRARY ARCHIVES Kerala Legislative Assembly